**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 793** **11-06-2024 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്തവർ മരണപ്പെട്ടാൽ അനുവദിക്കുന്ന റിസ്ക് ഫണ്ട് പാസ്സായി വരുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റിസ്ക് ഫണ്ട് പദ്ധതി പ്രകാരം മാരകരോഗം ബാധിക്കുന്ന / മരണപ്പെടുന്ന വായ്പാക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/ സംഘമാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് സമർപ്പിക്കേണ്ടത്.<br><br>സംഘം/ ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ, ന്യൂനതകൾ പരിഹരിക്കുന്നതിനായി വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകേണ്ടി വരികയും, അതുമൂലം ആയത് പരിഹരിക്കുന്നതിന് കാലതാമസം വരികയും ചെയ്യുന്നു. |
| (ബി) | റിസ്ക് ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കാമോ? | (ബി) | കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ കഴിയുന്നത്ര വേഗത്തിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ/കൺകറണ്ട് ആഡിറ്റർ/ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസർമാർ പരിശോധിച്ച് പരമാവധി ന്യൂനതകൾ ഒഴിവാക്കി അപേക്ഷ ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നത് ബോർഡിന്റെ പരിഗണനയിലുണ്ട്. ആയതിന്റെ പ്രാരംഭഘട്ടത്തിലായി സഹകരണ ബാങ്ക്/ സംഘങ്ങൾ വായ്പാക്കാരിൽ നിന്നും ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതത്തിന്റെ വിവരങ്ങൾ അടങ്ങിയ പ്രതിമാസ ഫോം എ സ്റ്റേറ്റ്മെന്റും തുക ബാങ്കിൽ ഒടുക്കിയ ചെലാനും ബോർഡിലേക്ക് ഓൺലൈനായി |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>കുടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ അവലോകന യോഗങ്ങൾ നടത്തുകയും ഡെയ്‌ലി പ്രോഗ്രസ്സ് റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. 31.01.2024 വരെ ലഭ്യമായിട്ടുള്ള അപേക്ഷകളിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി തീയതിയ്ക്കുശേഷം ബോർഡിൽ ലഭിച്ച റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ